ഗവൺമെന്റ് ഓഫ് കേരള
ഗവ.മെഡിക്കൽ കോളേജ് കോട്ടയം
ഗാന്ധിനഗർ പി.ഒ കോട്ടയം.-08

ഇ-മെയിൽ medicalcollegekottayam@gmail.com ഫോൺ നം. 0481-2597279
ഫാക്സ്: 0481-2597284 04812597284

---

നം. ജി.എം.സി കെ.റ്റി.എം/3396/2019-എ5 തീയതി:04-05-2026

## നോട്ടീസ്

കോട്ടയം ഗവ. മെഡിക്കൽ കോളേജിന്റെ അധീനതയിലുള്ള ഭൂമിയിൽ നിൽക്കുന്ന ഫലവൃക്ഷങ്ങളുടെ ആദായം എടുക്കുന്നതിനുള്ള അവകാശം 2026 ജൂൺ മുതൽ 2029 മെയ് വരെയുള്ള കാലയളവിലേക്ക് നിബന്ധനകൾക്ക് വിധേയമായി **13/05/2026 രാവിലെ 02.30 മണിക്ക്** ലേലം/ക്വട്ടേഷൻ മുഖേന നൽകുവാൻ തീരുമാനിച്ചിരിക്കുന്നു. പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർ 13/05/2026 ന് ഉച്ചകഴിഞ്ഞ് 02.00 PM വരെ 2,000/- രൂപ നിരതദ്രവ്യമായി അടച്ച് ടോക്കൺ എടുക്കേണ്ടതാണ്. പ്രിൻസിപ്പൽ ഓഫീസിൽ വെച്ച് താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി ലേലം/ക്വട്ടേഷൻ നടപടികൾ ആരംഭിക്കുന്നതാണ്.

1) പരമാവധി മൂന്ന് വർഷ കാലയളവിലേയ്ക്ക് മാത്രമേ (**2026 ജൂൺ മുതൽ 2029 മെയ് വരെ**) മെഡിക്കൽ കോളേജിന്റെ അധീനതയിലുള്ള ഭൂമിയിൽ നിൽക്കുന്ന ഫല വൃക്ഷങ്ങളുടെ ആദായം എടുക്കുന്നതിനുള്ള അവകാശം ഉണ്ടായിരിക്കുകയുള്ളൂ.

2) കോട്ടയം ഗവ. മെഡിക്കൽ കോളേജ് വസ്തുവിൽ നിൽക്കുന്ന വൃക്ഷാദികൾക്ക് യാതൊരുവിധ നാശങ്ങളോ കേടുപാടുകളോ വരുത്തുവാൻ പാടില്ല. അപ്രകാരം ഉണ്ടായാൽ ആയതിന്റെ നിയമാനുസൃതമായ നഷ്ടം ലേലം/ക്വട്ടേഷൻ എടുക്കുന്ന വ്യക്തികളിൽ നിന്നും ഈടാക്കുന്നതാണ്.

3) മെഡിക്കൽ കോളേജിന്റെ അധീനതയിലുള്ള ഭൂമിയിലൂടെ കടന്ന് പോകുന്ന കുടിവെള്ള മലിനജല പൈപ്പ് ലൈനുകൾ, വൈദ്യുതി കേബിളുകൾ. ഫോൺ ഇന്റർനെറ്റ് കേബിളുകൾ സെപ്റ്റിക് ടാങ്കുകൾ മറ്റ് സ്ഥാവരജംഗമ വസ്തുക്കൾ എന്നിവയ്ക്ക് യാതൊരുവിധ കേടുപാടുകളും വരുത്തുവാൻ പാടില്ല. ഇവയ്ക്ക് എന്തെങ്കിലും നാശനഷ്ടം ഉണ്ടായാൽ ആയത് ലേലം/ക്വട്ടേഷൻ എടുക്കുന്ന വ്യക്തികൾ സ്വന്തം ചെലവിൽ പരിഹരിക്കേണ്ടതാണ്.

4) മെഡിക്കൽ കോളേജ് ഭൂമിയിലെ കല്ല്, മണ്ണ് തുടങ്ങിയ പ്രകൃതി വിഭവങ്ങൾ നീക്കം ചെയ്യുവാൻ പാടില്ല.

5) മെഡിക്കൽ കോളേജിന്റെ ആവശ്യത്തിലേക്ക് എന്തെങ്കിലും തരത്തിലുള്ള നിർമ്മാണം ഉണ്ടാവുകയും അപ്രകാരം ആയത് മുറിച്ച് നീക്കേണ്ടി വരികയും ചെയ്യുന്ന പക്ഷം ഫലവൃക്ഷങ്ങളുടെ ആദായം എടുക്കുന്നതിൽ ലേലം/ക്വട്ടേഷൻ എടുക്കുന്ന വ്യക്തികൾ തങ്ങൾക്ക് ലഭിച്ച പ്ലോട്ടിൽ തടസ്സവാദം ഉന്നയിക്കുവാൻ പാടില്ല.

6) മണ്ണിനെയും പ്രകൃതിയേയും മലിനമാക്കുന്ന കീടനാശിനികൾ, കളനാശിനികൾ ഒന്നും തന്നെ മെഡിക്കൽ കോളേജ് ഭൂമിയിൽ ഉപയോഗിക്കുവാൻ പാടില്ല.

7) ലേലം/ക്വട്ടേഷൻ എടുക്കുന്ന വ്യക്തി പ്രിൻസിപ്പലുമായി 200/- രൂപ മുദ്രപത്രത്തിൽ എഗ്രിമെന്റിൽ ഏർപ്പടേണ്ടതാണ്.

8) ലേലം/ക്വട്ടേഷൻ കൊള്ളുന്ന വ്യക്തി അന്നേ ദിവസം 03:00 പി.എം ന് മുൻപായി ലേലം/ക്വട്ടേഷൻ തുക മുഴുവനും മെഡിക്കൽ കോളേജ് ക്യാഷ് കൌണ്ടറിൽ അടയ്ക്കേണ്ടതും 10 ദിവസത്തിനകം ആയതിന്റെ 10% / 25,000/- രൂപ കരുതൽ ധനമായി പ്രിൻസിപ്പലിന്റെ പേരിൽ മാറാവുന്ന ഡിമാൻഡ് ഡ്രാഫ്റ്റായി ഈ ഓഫീസിൽ സമർപ്പിക്കേണ്ടതുമാണ്.

9) ലേലത്തിൽ ആരും പങ്കെടുത്തില്ലെങ്കിലും അന്നേ ദിവസം ലഭ്യമാകുന്ന ക്വട്ടേഷനുകളിൽ ഏറ്റവും ഉയർന്ന തുക രേഖ പെടുത്തുന്ന വ്യക്തിക്ക് മേലാദായം മേൽപ്പറഞ്ഞ കാലയളവുകളിലേക്ക് ഉറപ്പിച്ച് നൽകുന്നതാണ്.

10) രോഗികൾക്കും, ക്വാട്ടേഴ്സ് നിവാസികൾക്കും, ജീവനക്കാർക്കും, വിദ്യാർത്ഥികൾക്കും, പൊതു സമൂഹത്തിനും, ജീവജാലങ്ങൾക്കും ഉപദ്രവമാകാത്ത രീതിയിലായിരിക്കണം വിളവെട്ടുപ്പ് നടത്തേണ്ടത്.

11) രാവിലെ 9 മണി മുതൽ വൈകുന്നേരം 4 മണിവരെയുള്ള സമയത്ത് മാത്രമേ വിളവെട്ടുപ്പ് നടത്താവൂ.

12) കായ് ഫലങ്ങൾ അല്ലാത്ത ഒരു വസ്തുക്കളും കൊണ്ടു പോകുവാൻ പാടില്ല. അപ്രകാരം കൊണ്ടു പോകുന്നത് മോഷണമായി കണക്കാക്കുന്നതാണ്.

13) ലേലം/ക്വട്ടേഷൻ വ്യവസ്ഥകൾ പാലിക്കാത്ത പക്ഷം വീണ്ടും ലേലം/ക്വട്ടേഷൻ നടത്തുന്നതും നിരതദ്രവ്യം സർക്കാരിലേക്ക് കണ്ടു കെട്ടുന്നതുമായിരിക്കും. ആയതിലേക്ക് യാതൊരുവിധ തടസവാദത്തിനും അവകാശമില്ലാത്തതും തന്മൂലം സർക്കാരിനുണ്ടാകുന്ന എല്ലാ കഷ്ടനഷ്ടങ്ങൾക്കും ലേലം/ക്വട്ടേഷൻ കൊണ്ടയാൾ ഉത്തരവാദിയായിരിക്കുന്നതാണ്.

14) ലേലം/ക്വട്ടേഷൻ തീയതിയിൽ മാറ്റം വരുത്തുവാൻ പ്രിൻസിപ്പലിന് പൂർണ അധികാരം ഉണ്ടായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് ഈ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

കായ് ഫലങ്ങളുടെ വിളവെട്ടുപ്പും ആയതിന്റെ ട്രാൻസ്പോർട്ടേഷനും & മറ്റു പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് മെഡിക്കൽ കോളേജിന്റെ സ്ഥാവരജംഗമ വസ്തുകൾക്കോ മറ്റേതെങ്കിലും സംവിധാനങ്ങൾക്കോ എന്തെങ്കിലും കേടുപാടുകൾ/ നാശനഷ്ടങ്ങൾ ഉണ്ടായാൽ സ്വന്തം ചെലവിൽ പരിഹരിക്കേണ്ടതും ആയതിനു സർക്കാർ നിശ്ചയിക്കുന്ന തുക അടയ്ക്കുവാൻ തയാറാകേണ്ടതും, ആയത് അടയ്ക്കാത്ത പക്ഷം ടി തുക സെക്യൂരിറ്റി നിക്ഷേപത്തിൽ നിന്നും സർക്കാരിലേക്ക് കണ്ടു കെട്ടുന്നതുമായിരിക്കും. നഷപരിഹാരം തികയാതെ വരുന്ന പക്ഷം നഷ്ടപരിഹാര തുക ക്വട്ടേഷൻ എടുത്ത വ്യക്തിയുടെ സ്ഥാവരജംഗമ വസ്തുക്കളിൽ നിന്നും ഈടാക്കുന്നതായിരിക്കും.

Digitally signed by
Dr Varghese P Punnoose
Date: 04-05-2026
10:54:17

PRINCIPAL

**പകർപ്പ്**

സർജന്റ്, ഗവ. മെഡിക്കൽ കോളേജ്, ആശുപത്രി, കോട്ടയം/ഗവ. മെഡിക്കൽ കോളേജ്, കോട്ടയം

**നോട്ടീസ് ബോർഡുകൾ:-**

1) പൊതുമരാമത്ത് വകുപ്പ് ബിൽഡിംഗ് സെക്ഷൻ, ഗാന്ധിനഗർ, കോട്ടയം

2) ഗവ.മെഡിക്കൽ കോളേജ് ഓഫീസ്, കോട്ടയം ഗവ. മെഡിക്കൽ കോളേജ് ആശുപത്രി, ഗവ.ഡന്റൽ കോളേജ്, ഗവ. നഴ്സിംഗ് കോളേജ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചൈൽഡ് ഹെൽത്ത്, ഏറ്റുമാനൂർ KMCHC,

3) ഗ്രാമപഞ്ചായത്- ആർപ്പൂക്കര, അതിരമ്പുഴ, അയ്മനം

4) ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത്, കോട്ടയം മുൻസിപ്പാലിറ്റി

5) ഓഫീസ് പകർപ്പ്/കരുതൽ ഫയൽ.